"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തൊഴിലും നൈപുണ്യവും വകുപ്പ് - കേരള കള്ള് വ്യവസായ തൊഴിലാളി ക്ഷേമനിധി ബോർഡ് - കേരള കള്ള് വ്യവസായ തൊഴിലാളി ക്ഷേമനിധി പദ്ധതിയിൽ നിന്നും അനാരോഗ്യം മൂലം പിരിഞ്ഞ തൊഴിലാളിക്ക് ചട്ടങ്ങളിൽ ഇളവ് നൽകി പെൻഷൻ അനുവദിച്ച ബോർഡ് നടപടിയ്ക്ക് സാധൂകരണം നൽകി ഉത്തരവാകുന്നു.

---

**തൊഴിലും നൈപുണ്യവും (ബി) വകുപ്പ്**

**സ.ഉ.(സാധാ) നം.681/2024/LBR തീയതി,തിരുവനന്തപുരം, 27-06-2024**

---

പരാമർശം:-

1. നവകേരള സദസ്സിൽ ശ്രീ. സുകു.പി.ആർ സമർപ്പിച്ച 01.01.2024 ലെ അപേക്ഷ.
2. 08.04.2024, 04.05.2024 തീയതികളിലെ ചീഫ് വെൽഫെയർ ഫണ്ട് ഇൻസ്പെക്ടറുടെ KTWWFB/2181/2020-P6 നമ്പർ കത്തുകൾ.

**ഉത്തരവ്**

കേരള കള്ള് വ്യവസായ തൊഴിലാളി ക്ഷേമനിധി പദ്ധതിയിലെ പെൻഷൻ അനുവദിക്കുന്നതിനുള്ള സമയക്രമം പാലിക്കാതിരുന്ന കാരണത്താൽ പെൻഷൻ അപേക്ഷയും ആയതിനെതിരായ അപ്പീൽ അപേക്ഷയും നിരസിക്കപ്പെട്ട എറണാകുളം ജില്ലയിലെ തൃപ്പൂണിത്തുറ റേഞ്ചിലെ തൊഴിലാളിയായിരുന്ന ശ്രീ. സുകു.പി.ആർ, പെൻഷൻ അനുവദിക്കണമെന്നാവശ്യപ്പെട്ട് നവകേരള സദസ്സിൽ നൽകിയ അപേക്ഷ പരിഗണിച്ച 23/02/2024 ന് ചേർന്ന 676-ാമത് ബോർഡ് യോഗം നിലവിൽ ശ്രീ. സുകു.പി.ആർ-ന് 60 വയസ്സ് തികഞ്ഞ സാഹചര്യത്തിൽ പ്രത്യേക കേസായി പരിഗണിച്ചുകൊണ്ട് പെൻഷൻ അനുവദിച്ച് നൽകുന്നതിനും ആയതിന്റെ സാധൂകരണത്തിനായി സർക്കാർ അനുമതി ലഭ്യമാക്കുന്നതിനും തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ 22 വർഷം സേവനകാലമുള്ള ശ്രീ. സുകു പി.ആർ-ന് 03/2024 മുതൽ പ്രതിമാസം 3500/-രൂപ നിരക്കിൽ പെൻഷൻ അനുവദിച്ച് ഉത്തരവായിട്ടുള്ളതായും പെൻഷൻ അനുവദിച്ച് നൽകിയ നടപടിക്ക് സാധൂകരണം നൽകണമെന്നും ബോർഡ് യോഗത്തിന്റെ പ്രസക്ത ഭാഗം സഹിതം ചീഫ് വെൽഫെയർ ഫണ്ട് ഇൻസ്പെക്ടർ അപേക്ഷിച്ചിരുന്നു.

2. സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. പദ്ധതി പ്രകാരം പെൻഷൻ അനുവദിക്കുന്നതിനുള്ള സമയക്രമങ്ങളെ കുറിച്ച് തൊഴിലാളികൾക്കുള്ള അജ്ഞതയാവാം ഇപ്രകാരമുള്ള കേസുകൾ റിപ്പോർട്ട് ചെയ്യുന്നതിന് കാരണമാകുന്നതെന്നും 22 വർഷ സേവനദൈർഘ്യമുള്ള തൊഴിലാളിക്ക് പെൻഷൻ നിഷേധിക്കുന്നതിലെ മനുഷ്യത്വരാഹിത്യവും തൊഴിലാളിയുടെ നിലവിലെ ജീവിത സാഹചര്യവും കണക്കിലെടുത്ത് പദ്ധതിയിലെ വിവിധ വ്യവസ്ഥകൾ സംബന്ധിച്ച് പദ്ധതി അംഗങ്ങളിൽ വ്യക്തമായ അവബോധം സൃഷ്ടിക്കുന്നതിനാവശ്യമായ നടപടികൾ ബോർഡ് സ്വീകരിക്കേണ്ടതാണെന്ന നിബന്ധനയോടെ, 22 വർഷം സേവനകാലയളവുള്ള, നിലവിൽ 60 വയസ്സ് പൂർത്തിയായ ശ്രീ.പി.ആർ.സുകുവിന് ഒരു പ്രത്യേക കേസായി പരിഗണിച്ചുകൊണ്ട് 03/2024 മുതൽ പ്രതിമാസം 35००/- രൂപ നിരക്കിൽ പെൻഷൻ അനുവദിച്ചു നൽകിയ ചീഫ് വെൽഫെയർ ഫണ്ട് ഇൻസ്പെക്ടറുടെ നടപടി സാധൂകരിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
സന്ധ്യ എസ് ആർ
അണ്ടർ സെക്രട്ടറി

ചീഫ് വെൽഫെയർ ഫണ്ട് ഇൻസ്പെക്ടർ, കേകേരള കള്ള് വ്യവസായ തൊഴിലാളി ക്ഷേമനിധി ബോർഡ്, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), തിരുവനന്തപുരം.
വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്.
കരുതൽ ഫയൽ/ ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം

Signed by
Abhilash S S
സെക്ഷൻ ഓഫീസർ
Date: 27-06-2024 14:38:45

പകർപ്പ്

ബഹു. പൊതുവിദ്യാഭ്യാസവും തൊഴിലും വകുപ്പ് മന്ത്രിയുടെ പി.എസ്.

തൊഴിൽ വകുപ്പ് സെക്രട്ടറിയുടെ സി.എ.